(ബി) അന്യസംസ്ഥാന ലോട്ടറികളുടെ വിൽപ്പനയിനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതിയിനത്തിൽ എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അന്യസംസ്ഥാന ലോട്ടറികൾ വിറ്റഴിച്ചതിന്റെ വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. എന്നാൽ ശ്രീ. സിബി മാത്യൂസിന്റെ വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ അന്യസംസ്ഥാന ലോട്ടറികൾ പ്രതിദിനം 22.6 കോടി രൂപയുടെ ലോട്ടറി കേരളത്തിൽ വിറ്റഴിക്കുന്നു എന്ന് പരാമർശിച്ചിട്ടുണ്ട്.

(ബി) അന്യസംസ്ഥാന ലോട്ടറികളുടെ വിൽപ്പനയിനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതിയിനത്തിൽ 31-1-2011-വരെ 299.29 കോടി രൂപ ലഭിച്ചിട്ടുണ്ട്.

സെൻട്രൽ പോലീസ് ക്യാന്റീനിലെ സാധനങ്ങൾക്ക് വാറ്റ് ഒഴിവാക്കുന്നതിന് നടപടി

188 (202) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ പോലീസ് ക്യാന്റീനിൽനിന്നും വിൽക്കുന്ന സാധനങ്ങൾക്ക് വാറ്റ് ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ക്യാന്റീനിൽ വിൽക്കുന്ന സാധനങ്ങൾക്ക് വാറ്റ് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം 'എ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) മേൽ ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ ബാധകമല്ല. എന്നാൽ കേരള മൂല്യവർദ്ധിത നികുതി നിയമത്തിന്റെ 6(1)-ാം വകുപ്പിന്റെ അഞ്ചാം പ്രൊവിസോ അനുസരിച്ച് മിലിട്ടറി, നേവൽ, എയർഫോഴ്സ് അല്ലെങ്കിൽ എൻ.സി.സി. ക്യാന്റീൻ, ഇന്ത്യൻ നേവൽ ക്യാന്റീൻ സർവ്വീസ്, ക്യാന്റീൻ സ്റ്റോഴ്സ് ഡിപ്പാർട്ട്മെന്റ് എന്നിവവഴി വിൽക്കുന്ന സാധനങ്ങൾക്ക് പകുതി നിരക്ക് മാത്രമേ ബാധകമായുള്ളു. ഇതല്ലാതെ നികുതിയിളവുകളൊന്നും നൽകിയിട്ടില്ല.

വിമുക്ത ഭടന്മാരായ സർക്കാർ ജീവനക്കാർക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച്

189 (203) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്ത ഭടന്മാരായ സർക്കാർ ജീവനക്കാരുടെ മിലിട്ടറി സേവനം കണക്കിലെടുത്ത് അവർക്ക് ഹയർഗ്രേഡ് അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വിഷയം സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഹയർഗ്രേഡ് അനുവദിച്ചു കിട്ടുന്നതിലെ തടസ്സം നീക്കിക്കിട്ടാൻ സർക്കാർ സർവ്വീസിലുള്ള ഏതെങ്കിലും വിമുക്തഭടന്മാർ ബഹു. ഹൈക്കോടതിയിൽ നിന്നും ഏതെങ്കിലും അനുകൂല ഉത്തരവുകൾ സമ്പാദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര വിമുക്തഭടന്മാർ ; എത്ര ഉത്തരവുകൾ സമ്പാദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ബഹു. ഹൈക്കോടതി ഉത്തരവനുസരിച്ച് ഏതെല്ലാം വകുപ്പുകളിൽ ഇങ്ങനെ ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ബഹു. ഹൈക്കോടതി വിധിപ്രകാരം പ്രസ്തുത ഹയർഗ്രേഡ് ലഭിക്കാൻ പെൻഷൻ വാങ്ങുന്ന വിമുക്തഭടന്മാർ അവർക്ക് ലഭിച്ച പെൻഷൻ ആനുകൂല്യങ്ങൾ സറണ്ടർചെയ്യുന്നത് സംബന്ധിച്ചുള്ള പരാമർശം വിശദമാക്കാമോ ;

(എഫ്) പ്രസ്തുത വിഷയത്തിന്മേലുള്ള ബഹു. ഹൈക്കോടതിവിധി പാലിക്കാത്തതുമൂലം ഏതെങ്കിലും വകുപ്പിനെതിരെ കോടതിയലക്ഷ്യകേസ് നിലവിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ജി) ബഹു. ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) വിമുക്തഭടന്മാരായ സർക്കാർ ജീവനക്കാരുടെ മിലിട്ടറി സേവനം കണക്കിലെടുത്ത് ചില നിബന്ധനകൾക്ക് വിധേയമായി അവർക്ക് ഹയർഗ്രേഡ് അനുവദിക്കാറുണ്ട്.

(ബി) മിലിട്ടറി സർവ്വീസ് ഗ്രേഡിനു കണക്കാക്കുന്നതു സംബന്ധിച്ച് ചുവടെ പറയുന്ന ഉത്തരവുകളാണ് നിലവിലുള്ളത്.

i) GO(P) No.764/81/(384)/Fin. dated, 16-11-1981

ii) GO(P) No.132/91/(98)/Fin. dated, 21-2-1991

iii) GO(P) No.622/03/Fin. dated, 26-11-2003

iv) Circular No.95/97/Fin. dated, 16-12-1997

v) Circular No.46/08/Fin. dated, 8-8-2008

(സി) സമയബന്ധിത ഹയർഗ്രേഡ് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി വിമുക്തഭടന്മാരായ സർക്കാർ ഉദ്യോഗസ്ഥർ ഹൈക്കോടതിയിൽനിന്നും അനുകൂല ഉത്തരവുകൾ സമ്പാദിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിവിധ വകുപ്പുകളിലെ വിമുക്തഭടന്മാരായ സർക്കാർ ഉദ്യോഗസ്ഥർ സമ്പാദിച്ചിട്ടുള്ള ഉത്തരവുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) ബഹു. ഹൈക്കോടതി ഉത്തരവുപ്രകാരം ആഭ്യന്തരവകുപ്പിൽ ഇപ്രകാരം ഹയർഗ്രേഡുകൾ അനുവദിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളിൽ ഇപ്രകാരം ഹയർഗ്രേഡുകൾ അനുവദിച്ചിട്ടുണ്ടോ എന്നുള്ള വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) KSR Part III ചട്ടം 8C-യിൽ പെൻഷൻ അനുവദിക്കുന്നതിന് ടെർമിനൽ ആനുകൂല്യങ്ങൾ തിരിച്ചടക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും GO(P) No.622/03/Fin. dated, 26-11-2003 ഉത്തരവിലോ 16-11-1981-ലെ G.O.(P) No.764/81(384)/Fin. ഉത്തരവിലോ മുകളിൽപ്പറഞ്ഞ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ, പുനർ നിയമനം കിട്ടിയിട്ടുള്ള വിമുക്തഭടന്മാർ അവർക്ക് കിട്ടിയിട്ടുള്ള ടെർമിനൽ ആനുകൂല്യങ്ങൾ തിരിച്ചടയ്ക്കണമെന്ന സർക്കാർ വാദത്തോട് യോജിക്കാനാവില്ലെന്നാണ് കോടതിയുടെ വീക്ഷണം. KSR Part III Rule 8 C-യിലെ വ്യവസ്ഥ 26-11-2003-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 622/03/Fin.-ലെ ഒരു നിബന്ധനയായി കരുതാനാവില്ലെന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്. 26-11-2003-ലെ സർക്കാർ ഉത്തരവിൽ പുനർനിയമനം കിട്ടിയിട്ടുള്ള വിമുക്തഭടന്മാർ ടെർമിനൽ ആനുകൂല്യങ്ങൾ തിരിച്ചടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ WP(C) No.25304/06-ലെ പരാതിക്കാർ, അവർ വാങ്ങിയ ടെർമിനൽ ആനുകൂല്യങ്ങൾ തിരിച്ചടച്ചാലേ അവരുടെ മുൻകാല മിലിട്ടറി സർവ്വീസ് ഗ്രേഡനുവദിക്കുന്നതിന് പരിഗണിക്കാനാവൂ എന്ന് എതിർ കക്ഷികൾക്ക് നിലപാടെടുക്കാൻ അവകാശമില്ല എന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്.

(എഫ്) WP(C) No.32064/10-ലെ 20-10-2010-ലെ വിധി നടപ്പാക്കാത്തതിനാൽ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് അസിസ്റ്റന്റായ ശ്രീ. ജോഷി മാത്യു CC(C) 55/2011 നമ്പറായി കോടതിയലക്ഷ്യക്കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കോടതിയലക്ഷ്യക്കേസുകൾ വേറെയും നിലവിലുണ്ടോ എന്ന വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ജി) WA No.1308/08-ലെ 1-3-2010-ലെ ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ SLP ഫയൽ ചെയ്യുവാനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കയ്യൂർ സമരഭടന്മാർക്ക് സ്മാരകം

190 (204) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി രക്തസാക്ഷിത്വംവരിച്ച കയ്യൂർ സമരഭടന്മാർക്ക് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിന് തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂരിൽ നിർമ്മാണം ആരംഭിച്ച സ്മാരകമന്ദിരം പൂർത്തീകരിക്കുന്നതിന് കേരള സർക്കാർ സഹായമായി 50 ലക്ഷം രൂപ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പരിശോധിക്കുന്നതാണ്.

ഫാമിലി പെൻഷൻ തടഞ്ഞത് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്

191 (205) ശ്രീ. കെ. കെ. ഷാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ വള്ളികുന്നം എച്ച്.എസ്.-ലെ യു.പി.എസ്.എ. ആയിരിട്ടയർചെയ്ത എൻ. ശ്രീധരക്കുറുപ്പിന് ഏകദേശം 18 വർഷക്കാലം പെൻഷനും,

LIBRARY ARCHIVES Kerala Legislative Assembly